(സി) കോഴ്സ് ലാഗിംഗ് മൂലം കോഴ്സുകൾ യഥാസമയം പൂർത്തീകരിക്കാതെ വരികയും ആയത് വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനെയും തൊഴിൽ സാദ്ധ്യതയെയും സാരമായി ബാധിക്കുകയും ചെയ്യുന്നു.

(ഡി) സമയബന്ധിതമായി കോഴ്സുകൾ നടത്തുന്നതിനും പരീക്ഷകൾ യഥാസമയം നടക്കത്തക്കവിധത്തിൽ പരീക്ഷാ കലണ്ടറുകൾ തയ്യാറാക്കിയും കോഴ്സ് ലാഗിംഗ് തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സർവ്വകലാശാല രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്.

തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയ ഭൂമി

*6 [126] ശ്രീ. പി. നാരായണൻ:
,, കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ റവന്യൂ പുറംപോക്കുഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കുമാണ് തോട്ടങ്ങൾ നടത്തുന്നതിനായി പാട്ടവ്യവസ്ഥയിൽ ഭൂമി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പാട്ടക്കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഉടമകൾ തങ്ങളുടെ തോട്ടങ്ങൾ അടച്ചുപൂട്ടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കണ്ണൂർ ജില്ലകളിലായി 32950.7139 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട്.

(ബി) പാട്ടവ്യവസ്ഥയിൽ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

കൊല്ലം

ബി.ബി. റബ്ബർ എസ്റ്റേറ്റ് ഉടമ—ശ്രീ. ഉമ്മൻജോർജ്ജ് മുതൽ പേർക്ക്.

പത്തനംതിട്ട

സ്ഥാപനങ്ങൾ:

(1) എൻ.എസ്.എസ്. എസ്റ്റേറ്റ്, നൂറോക്കാട്, കൊല്ലമുള്ള, റാന്നി
(2) വേളിമല റബ്ബർ കമ്പനി, ചിറ്റാർ, സീതത്തോട്, റാന്നി

LIBRARY ARCHIVES Kerala Legislative Assembly

(3) താമരപ്പള്ളി എസ്റ്റേറ്റ്, വടശ്ശേരിക്കര, റാന്നി
(4) സൗത്ത് ഇന്ത്യൻ പ്ലാന്റേഷൻസ്, ഏനാദിമംഗലം, അടൂർ

വ്യക്തികൾ:

(1) ശ്രീമതി അന്നമ്മ വർഗ്ഗീസ്, മുല്ലമണ്ണിൽ, റാന്നി
(2) ശ്രീ. ജെയിംസ് തോമസ്, റാന്നി, പെരുനാട്, റാന്നി
(3) ശ്രീ. കെ. കെ. ഗോപിനാഥൻ നായർ, റാന്നി

കോട്ടയം

സ്ഥാപനങ്ങൾ:

(1) റബ്ബർബോർഡ്, കോട്ടയം
(2) കൈലാസ് റബ്ബർ കമ്പനി

വയനാട്

ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന സ്ഥാപനം

കണ്ണൂർ

ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം

ഇടുക്കി

സ്ഥാപനങ്ങൾ:

(1) തലയാർ ടീ എസ്റ്റേറ്റ്
(2) ടാറ്റാ എസ്റ്റേറ്റ്
(3) മയിലാടുംപാറ സ്പൈസസ് ബോർഡ്
(4) മലങ്കര എസ്റ്റേറ്റ്
(5) ഹാരിസൺ എസ്റ്റേറ്റ്
(6) ഹെലിബറി എസ്റ്റേറ്റ്
(7) ഫെമിലി വാലി

വ്യക്തികൾ:

7,332 വ്യക്തികൾ.

(സി) സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അതിലെ വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനു നൽകിയിരിക്കുന്ന ആവശ്യത്തിന് അല്ലാതെ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ല, എന്നതും അന്യാധീനപ്പെടുത്താൻ പാടില്ലാ എന്നതുമാണ് പ്രധാന വ്യവസ്ഥകൾ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഇടുക്കി ജില്ലയിലെ റവന്യൂ ഭൂമി കയ്യേറ്റം

*7 [127] ശ്രീ. കെ. മുഹമ്മദാലി:
„ ഡി. സുഗതൻ:
„ കെ. പി. വിശ്വനാഥൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly